**മധുരമായ കുട്ടികളേ - നിങ്ങൾക്ക് ഈയൊരു ചിന്തയുണ്ടായിരിക്കണം, നമുക്ക് എങ്ങനെ എല്ലാവർക്കും സുഖധാമത്തിലേക്കുള്ള വഴി പറഞ്ഞു കൊടുക്കാം. ഇത് തന്നെയാണ് പുരുഷോത്തമരായി മാറാനുള്ള യുഗമെന്നുള്ളത് എല്ലാവരും അറിഞ്ഞിരിക്കണം.**

**ചോദ്യം -** നിങ്ങൾ കുട്ടികൾ പരസ്പരം ഏതൊരു ആശംസകളാണ് നൽകുന്നത്. എപ്പോഴാണ് മനുഷ്യർ ആശംസകൾ നൽകുക?

**ഉത്തരം -** ആരെങ്കിലും ജനിക്കുമ്പോഴോ, വിജയിക്കുമ്പോഴോ, വിവാഹം അഥവാ ഏതെങ്കിലും വിശേഷ ദിനം വരുമ്പോഴോ ആണ് മനുഷ്യർ ആശംസകൾ കൊടുക്കുക. പക്ഷേ അതൊന്നും തന്നെ സത്യമായ ആശംസകളല്ല. മറ്റുള്ളവർ ബാബയുടേതായി മാറാനുള്ള ആശംസകളാണ് നിങ്ങൾ കുട്ടികൾ നൽകുന്നത്. നിങ്ങൾ പറയുന്നു നമ്മൾ എത്ര ഭാഗ്യശാലികളാണ്, എല്ലാ ദു:ഖങ്ങളിൽ നിന്നും മുക്തമായി നമ്മൾ സുഖധാമത്തിലേക്ക് പോകുന്നു. നിങ്ങൾക്ക് ആന്തരീകമായ സന്തോഷമുണ്ടാകുന്നു.

**ഓം ശാന്തി**. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ ചോദ്യമുയരുന്നു പരിധിയില്ലാത്ത അച്ഛൻ ആരാണ്? എല്ലാവരുടെയും അച്ഛൻ ഒന്നാണ്, പരമപിതാവാണ്. ലൗകിക പിതാവിനെ പരമപിതാവെന്ന് പറയില്ല. പരമപിതാവ് ഒരാൾ മാത്രമാണ്. അവരെ എല്ലാവരും മറന്നു പോയി. ദു:ഖഹർത്താ സുഖകർത്താവായ പരമപിതാ പരമാത്മാവിനെ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. ബാബ എങ്ങനെ നമ്മുടെ ദു:ഖത്തെ ഹരിച്ച് സുഖ-ശാന്തിയിലേക്ക് കൊണ്ടുപോകുന്നു എന്ന് നിങ്ങൾക്കറിയാം. എല്ലാവരും സുഖത്തിലേക്ക് പോവുകയില്ല. കുറച്ചുപേർ സുഖത്തിലേക്കും കുറച്ചുപേർ ശാന്തിയിലേക്കും പോകുന്നു. ചിലർ സത്യയുഗത്തിൽ പാർട്ട് അഭിനയിക്കുന്നു, ചിലർ ത്രേതായുത്തിൽ, ചിലർ ദ്വാപരയുഗത്തിലും പാർട്ട് അഭിനയിക്കുന്നു. നിങ്ങൾ സത്യയുഗത്തിലുണ്ടാകുമ്പോൾ ബാക്കി എല്ലാവരും ശാന്തിധാമത്തിൽ ആയിരിക്കും. ഇതിനെ ഈശ്വരന്റെ വീടെന്നും പറയാം. മുസ്ലീമുകൾ ഇരുന്ന് നമസ്കരിക്കുമ്പോൾ ഈശ്വരന്റെ മഹിമയാണ് പാടുക. എന്തിനുവേണ്ടി? എന്താ അള്ളാഹുവിന്റെ അടുത്തേക്ക് പോകുന്നതിനായാണോ അതോ സ്വർഗ്ഗത്തേക്ക് പോകാനാണോ? അള്ളാഹുവിന്റെ വീടിനെ ഒരിക്കലും സ്വർഗ്ഗമെന്നു പറയില്ല. ശാന്തിധാമത്തിൽ ആത്മാക്കൾ ശാന്തിയിൽ വസിക്കുന്നു. അവിടെ ശരീരം വസിക്കുന്നില്ല. അള്ളാഹുവിന്റെ അടുത്തേക്ക് ശരീരമല്ല ആത്മാക്കൾ മാത്രമാണ് പോവുക എന്ന് അറിയാം. അള്ളാഹുവിനെ അറിയാതെ ഓർമ്മിച്ചാൽ ഒരിക്കലും പവിത്രമായി മാറുകയില്ല. ബാബ സുഖ-ശാന്തിയുടെ സമ്പത്താണ് നൽകുന്നതെന്ന നിർദ്ദേശം മനുഷ്യർക്ക് എങ്ങനെ നൽകാൻ സാധിക്കും. വിശ്വത്തിൽ എങ്ങനെ ശാന്തിയുണ്ടാകും, വിശ്വത്തിൽ എപ്പോഴായിരുന്നു ശാന്തി എന്നെല്ലാം അവർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കും? സേവാധാരികളായ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഈ കാര്യങ്ങളെല്ലാം ചിന്തിക്കും. ബ്രഹ്മാമുഖവംശാവലികളായ ബ്രാഹ്മണർക്കു മാത്രമേ ബാബ തന്റെ പരിചയം നൽകിയിട്ടുള്ളൂ. മുഴുവൻ ലോകത്തിലുള്ള മനുഷ്യരുടെ പാർട്ടിനെക്കുറിച്ചുമുള്ള പരിചയവും നൽകിയിട്ടുണ്ട്. ഇപ്പോൾ നമുക്ക് ബാബയുടെയും രചനയുടെയും പരിചയം എങ്ങനെ നൽകാൻ സാധിക്കും? എല്ലാവരോടുമായാണ് ബാബ പറയുന്നത് സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്നാൽ ഈശ്വരന്റെ വീട്ടിലേക്ക് പോകാം. സുവർണ്ണ ലോകത്തേക്ക് അഥവാ സ്വർഗ്ഗത്തേക്ക് എല്ലാവരും പോകില്ലല്ലോ. അവിടെ ഒരേയൊരു ധർമ്മമാണ്. ബാക്കി എല്ലാവരും ശാന്തിധാമത്തിലായിരിക്കും. ഇതിൽ ദേഷ്യപ്പെടേണ്ടതായ ആവശ്യമില്ല. മനുഷ്യർ ശാന്തിയാണ് ആഗ്രഹിക്കുന്നത്, പക്ഷേ അത് ലഭിക്കുന്നത് അള്ളാഹുവിന്റെ അഥവാ ഗോഡ്ഫാദറിന്റെ വീട്ടിലാണ്. ആത്മാക്കളെല്ലാവരും ശാന്തിധാമത്തിൽ നിന്നാണ് വരുന്നത്. ഇനി എപ്പോഴാണോ നാടകം പൂർത്തിയാകുന്നത് അപ്പോഴേ തിരികെ പോകൂ. ഈ പതിതലോകത്തിൽ നിന്നും എല്ലാവരെയും തിരികെ കൊണ്ടുപോകാനാണ് ബാബ വന്നിരിക്കുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്, നമ്മൾ ആദ്യം ശാന്തിധാമത്തിലേക്ക് പോയി പിന്നീട് സുഖധാമത്തിലേക്ക് വരും. ഇത് പുരുഷോത്തമ സംഗമയുഗമാണ്. പുരുഷോത്തമം അർത്ഥം ഉത്തമത്തിലും ഉത്തമനായ പുരുഷനാണ്. ആത്മാവ് പവിത്രമാകാതെ ഉത്തമപുരുഷനാവാൻ സാധിക്കില്ല. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, സൃഷ്ടിചക്രത്തെ അറിയൂ, അതിനോടൊപ്പം തന്നെ ദൈവീക ഗുണത്തെ ധാരണ ചെയ്യണം. ഈ സമയം എല്ലാ മനുഷ്യരുടെയും സംസ്കാരം വളരെ മോശമാണ്. പുതിയ ലോകത്തിൽ ഫസ്റ്റ് ക്ലാസ്സ് സംസ്കാരമായിരിക്കും. ഭാരതവാസികളാണ് ഉയർന്ന സംസ്കാരത്തിലുള്ളവർ.

ഉയർന്ന സംസ്കാരമുള്ളവരുടെ മുന്നിൽ നീച സംസ്കാരമുള്ളവർ പോയി തലകുനിക്കുന്നു, അവരുടെ ഗുണഗാനം വർണ്ണിക്കുന്നു. ഇതെല്ലാം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. ഇതെല്ലാം മറ്റുള്ളവർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കും? ഏതൊരു സഹജമായ യുക്തിയാണ് ഇതിന് രചിക്കേണ്ടത്. ഇതിനെയാണ് ആത്മാക്കളുടെ മൂന്നാമത്തെ നേത്രത്തെ തുറക്കുക എന്ന് പറയുന്നത്. ബാബയുടെ ആത്മാവിൽ ജ്ഞാനമുണ്ട്. മനുഷ്യർ തനിക്ക് ജ്ഞാനമുണ്ടെന്ന് അഹങ്കരിക്കുന്നു. ഇതാണ് ദേഹാഭിമാനം. ഇവിടെ നിങ്ങൾക്ക് ആത്മാഭിമാനിയായി മാറണം. സന്യാസിമാരിൽ ശാസ്ത്രങ്ങളുടെ ജ്ഞാനമാണുള്ളത്. എപ്പോഴാണോ ബാബ വന്ന് സ്വയം തന്നെക്കുറിച്ച് മനസ്സിലാക്കിത്തരുന്നത് അപ്പോഴെ നമുക്ക് ബാബ ആരാണെന്നു തന്നെ അറിയാൻ സാധിക്കൂ. യുക്തി പൂർവ്വം മനസ്സിലാക്കി കൊടുക്കണം. മറ്റുള്ളവർ കൃഷ്ണനെ ഭഗവാനെന്ന് മനസ്സിലാക്കുന്നു. ഭഗവാൻ ആരാണെന്നറിയില്ല. ഋഷിമുനിമാരും ഞങ്ങൾക്ക് അറിയില്ലെന്നാണ് പറയുന്നത്. മനുഷ്യർക്ക് ഭഗവാനാകാൻ സാധിക്കില്ലെന്ന് അറിയാം. നിരാകാരനായ ഭഗവാൻ തന്നെയാണ് രചയിതാവ് എന്നും അറിയാം. പക്ഷേ ബാബ എങ്ങനെയാണ് രചിക്കുന്നത്, അവരുടെ പേര്, രൂപം, ദേശം, കാലം എന്താണ്? ഭഗവാൻ പേരിൽ നിന്നും രൂപത്തിൽ നിന്നുമെല്ലാം വ്യത്യസ്തനാണെന്ന് പറയുന്നു. ഇത് പോലും അറിയുന്നില്ല, നാമ-രൂപത്തിൽ നിന്നും വ്യത്യസ്തമായ ഒരു വസ്തുവുമില്ല എന്ന്, അസാധ്യമാണ്. കല്ലിലും മുള്ളിലും മത്സ്യത്തിലും കൂർമ്മത്തിലുമെല്ലാം ഭഗവാനുണ്ടെങ്കിൽ അതിനെല്ലാം നാമവും രൂപവും ഉണ്ടല്ലോ. ഓരോ സമയത്ത് എന്തെല്ലാമോ പറയുന്നു. മനുഷ്യർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കണമെന്നതിനെക്കുറിച്ച് കുട്ടികൾക്ക് രാത്രിയും പകലും ചിന്ത വേണം. ഇത് മനുഷ്യനിൽ നിന്നും ദേവതയാവാനുള്ള പുരുഷോത്തമ സംഗമുഗമാണ്. മനുഷ്യർ ദേവതകളെ നമിക്കുന്നു. മനുഷ്യർ ഒരിക്കലും മറ്റുള്ള മനുഷ്യരെ നമിക്കില്ല, മനുഷ്യർ ദേവതകളെ അഥവാ ഭഗവാനെയാണ് നമിക്കുക. മുസ്ലീം സഹോദരന്മാരും അള്ളാഹുവിന്റെ മഹിമ പാടാറുണ്ട്. അവർക്കൊരിക്കലും അള്ളാഹുവിന്റെ പക്കലേക്ക് പോകാൻ സാധിക്കില്ലെന്ന് നിങ്ങൾക്കറിയാം. അള്ളാഹുവിന്റെ പക്കലേക്ക് എങ്ങനെ എത്താം എന്നുള്ളതാണ് മുഖ്യമായ കാര്യം. പിന്നെ അള്ളാഹു എങ്ങനെ പുതിയ സൃഷ്ടി രചിക്കും? ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി കൊടുക്കുന്നതിനായി കുട്ടികൾക്ക് വിചാരസാഗരമഥനം ചെയ്യണം. ശിവബാബയ്ക്ക് വിചാരസാഗരമഥനം ചെയ്യണ്ടല്ലോ. വിചാരസാഗരമഥനം ചെയ്യാനുള്ള യുക്തിയാണ് ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത്. ഈ കലിയുഗീ ലോകത്തിൽ എല്ലാവരും തമോപ്രധാനമാണ്. അതിനർത്ഥം തീർച്ചയായും ഒരു സമയത്ത് സ്വർണ്ണിമയുഗവും ഉണ്ടായിരുന്നു എന്നാണ്. സുവർണ്ണയുഗം അർത്ഥം പരിശുദ്ധമാണ്. പവിത്രവും അപവിത്രവും. സ്വർണ്ണത്തിൽ കലർപ്പുണ്ടാകുമല്ലോ. ആത്മാവും ആദ്യം പവിത്രവും സതോപ്രധാനവുമാണ് പിന്നീട് ക്ലാവ് പറ്റിപ്പിടിക്കുകയാണ്. തമോപ്രധാനമാകുമ്പോഴാണ് ബാബ വരുക. ബാബ തന്നെയാണ് വന്ന് സതോപ്രധാനവും സുഖധാമവുമാക്കി മാറ്റുന്നത്. സുഖധാമത്തിൽ കേവലം ഭാരതവാസികളായിരിക്കും. ബാക്കി എല്ലാവരും ശാന്തിധാമത്തിലേക്ക് പോകുന്നു. ശാന്തിധാമത്തിൽ എല്ലാവരും പവിത്രമായിരിക്കും പിന്നീട് ഇവിടേക്ക് വരുമ്പോൾ പതുക്കെ-പതുക്കെ അപവിത്രമാകുന്നു. ഓരോ മനുഷ്യരും സതോ രജോ തമോവിലേക്ക് വരുന്നു. നിങ്ങൾക്കെല്ലാവർക്കും അള്ളാഹുവിന്റെ വീട്ടിലേക്ക് എത്തിച്ചേരാൻ സാധിക്കുമെന്ന് മറ്റുള്ളവരോട് എങ്ങനെ പറയും? ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് സ്വയം ആത്മാവെന്നു മനസ്സിലാക്കൂ, ഇത് ഭഗവാന്റെ മഹാവാക്യമാണ്. എന്നെ ഓർമ്മിക്കുന്നതിലൂടെ പഞ്ച ഭൂതങ്ങളും ഇല്ലാതാകുന്നു. നിങ്ങൾ കുട്ടികൾക്ക് രാത്രിയും പകലും ഈയൊരു ചിന്തവേണം. ബാബയ്ക്കും എപ്പോഴാണോ ചിന്ത വന്നത്, പോകണം പോയി എല്ലാവരെയും സുഖിയാക്കി മാറ്റണമെന്ന് അപ്പോഴാണ് ബാബയും വന്നത്. ബാബയോടൊപ്പം കുട്ടികൾക്കും ഈ കാര്യത്തിൽ സഹയോഗികളായിത്തീരണം. ബാബയ്ക്ക് ഒറ്റയ്ക്ക് എന്തു ചെയ്യാൻ സാധിക്കും. അപ്പോൾ ഇതിനെക്കുറിച്ച് വിചാരസാഗരമഥനം ചെയ്യൂ, ഇത് പുരുഷോത്തമ സംഗമയുഗമാണെന്ന് മറ്റുള്ളവർക്ക് അറിയാനായി എന്ത് ഉപായം കണ്ടെത്തണം. ഈ സമയത്താണ് മനുഷ്യൻ പുരുഷോത്തമനായിത്തീരുന്നത്. ആദ്യം ഉയർന്നതാകുന്നു പിന്നീട് അധ:പതിക്കുന്നു. അല്ലാതെ ആദ്യം തന്നെ വീഴില്ലല്ലോ. വരുമ്പോൾ തന്നെ ആരും തമോപ്രധാനമാകില്ല. ഓരോ വസ്തുവും ആദ്യം സതോ പിന്നെ രജോ പിന്നീട് തമോ ആയിത്തീരുന്നു. കുട്ടികൾ ഇത്രയും പ്രദർശിനികൾ ചെയ്യുന്നുണ്ട് എന്നിട്ടും മനുഷ്യർ മസ്സിലാക്കുന്നില്ലെങ്കിൽ ഇനി എന്തു ഉപായം കണ്ടെത്താനാണ്. ഭിന്ന-ഭിന്നമായ ഉപായങ്ങൾ കണ്ടെത്തണം. അതിനുവേണ്ടി സമയവും ലഭിച്ചിട്ടുണ്ട്. പെട്ടെന്ന് ആരും തന്നെ സമ്പൂർണ്ണമായി മാറില്ലല്ലോ. ചന്ദ്രനും പതുക്കെ-പതുക്കെയാണല്ലോ വീണ്ടും സമ്പൂർണ്ണമായി മാറുന്നത്. നമ്മളും തമോപ്രധാനമായ ശേഷം പിന്നീട് സതോപ്രധാനമാകാൻ സമയമെടുക്കുന്നു. ചന്ദ്രൻ ജഡമാണ് നിങ്ങൾ ചൈതന്യമാണ്. എങ്ങനെ മനസ്സിലാക്കി കൊടുക്കുമെന്ന് ചിന്തിക്കൂ. മുസ്ലീമുകളുടെ മൗലവിയോടു ചോദിക്കൂ നിങ്ങൾ എന്തിനാണ് നിസ്കരിക്കുന്നത്, ആരുടെ ഓർമ്മയിലാണ് ഇതൊക്കെ ചെയ്യുന്നത്. ഇതെല്ലാം വിചാര സാഗരമഥനം ചെയ്യണം. വിശേഷ ദിനത്തിൽ രാഷ്ട്രപതിയും മറ്റും പള്ളിയിലേക്കു പോകാറുണ്ട്. വലിയവരുമായി കണ്ടുമുട്ടുന്നു. എല്ലാ മസ്ജിദുകളിലും വെച്ച് ഒരു വലിയ മസ്ജിദുണ്ടാകും, അവിടേക്ക് ഈദ് മുബാറക്ക്

നൽകാനായി പോകുന്നു. പക്ഷേ എപ്പോഴാണോ നമ്മൾ എല്ലാ ദു:ഖങ്ങളിൽ നിന്നും മുക്തമായി സുഖധാമത്തിലേക്ക് പോകുന്നത് അപ്പോഴാണ് ആശംസകൾ നൽകേണ്ടത്. കാരണം നമ്മൾ സന്തോഷവാർത്തയല്ലേ കേൾപ്പിക്കുന്നത്. ആരെങ്കിലും വിജയിച്ചാലും മുബാറക്ക്(ആശംസകൾ) നൽകുന്നു. വിവാഹത്തിനാണെങ്കിലും മുബാറക്ക് നൽകുന്നു. സദാ സുഖിയായിരിക്കൂ എന്ന് പറയുന്നു. പരസ്പരം എങ്ങനെ ആശംസകൾ നൽകണമെന്ന് ബാബ ഇപ്പോൾ മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും മുക്തി-ജീവന്മുക്തിയുടെ സമ്പത്താണ് നേടിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്കും ആശംസകൾ ലഭിക്കുന്നുണ്ട്. ബാബ പറയുന്നു നിങ്ങൾക്ക് ആശംസകൾ....... നിങ്ങൾ 21 ജന്മത്തേക്ക് കോടിമടങ്ങ് ഭാഗ്യശാലികളായിത്തീരുന്നു. എല്ലാ മനുഷ്യരും എങ്ങനെ ബാബയിൽ നിന്നും സമ്പത്ത് നേടും, എല്ലാവർക്കും എങ്ങനെ ആശംസകൾ നൽകും? നിങ്ങൾക്കിപ്പോൾ അറിഞ്ഞു കഴിഞ്ഞു, ലോകത്തിലുള്ള മനുഷ്യർക്ക് ഒരിക്കലും ഇപ്പോൾ നിങ്ങൾക്ക് ആശംസകൾ നൽകാൻ സാധിക്കില്ല. കാരണം ആർക്കും നിങ്ങളെക്കുറിച്ച് അറിയില്ല. സ്വയം ആശംസകൾ നേടാൻ യോഗ്യരാണെങ്കിൽ മാത്രമേ ആശംസകൾ നൽകാൻ സാധിക്കൂ. നിങ്ങൾ ഗുപ്തരല്ലേ. പരസ്പരം ആശംസകൾ നൽകാൻ നിങ്ങൾക്ക് സാധിക്കും. നമ്മൾ പരിധിയില്ലാത്ത അച്ഛന്റേതായി മാറി എന്ന ആശംസകൾ നൽകണം. നിങ്ങൾ എത്ര ഭാഗ്യശാലികളാണ്. ഏതെങ്കിലും ലോട്ടറി അടിച്ചു എങ്കിൽ, കുട്ടികൾ ജനിക്കുകയാണെങ്കിൽ ആശംസകൾ നൽകാം. കുട്ടികൾ വിജയിക്കുകയാണെങ്കിലും ആശംസകൾ നൽകുന്നു. നിങ്ങൾക്ക് ഹൃദയത്തിനുള്ളിൽ നിന്നും സന്തോഷമുണ്ട്, അവനവന് ആശംസകൾ നൽകണം, നമുക്ക് ബാബയെ ലഭിച്ചിരിക്കുകയാണ്, ബാബയിൽ നിന്നും നമ്മൾ സമ്പത്ത് നേടിക്കൊണ്ടിരിക്കുന്നു.

ബാബ മനസ്സിലാക്കിത്തരുന്നു ദുർഗ്ഗതിയിലേക്ക് വന്ന നിങ്ങൾ ആത്മാക്കൾ ഇപ്പോൾ സദ്ഗതി പ്രാപിക്കുന്നു. എല്ലാവർക്കും ഒരുപോലുള്ള ആശംസകളാണ് ലഭിക്കുന്നത്. അവസാന സമയത്ത് എല്ലാവർക്കും അറിയാൻ സാധിക്കുന്നു, ആരാണോ ഏറ്റവും ഉയർന്നതിലും ഉയർന്നത് അവർക്ക് താഴ്ന്ന നിലയിലുള്ളവർ ആശംസകൾ നേരും. താങ്കൾ കുട്ടികൾ സൂര്യവംശി കുലത്തിലെ മഹാരാജാ-മഹാറാണിയായിത്തീരുന്നു. ആരാണോ വിജയമാലയിലെ മുത്താകുന്നത് അവർക്കാണ് താഴ്ന്ന കുലത്തിലുള്ളവർ ആശംസകൾ നൽകുന്നത്. ആരാണോ പാസ്സാകുന്നത്, അവർക്കാണ് പ്രജയും ലഭിക്കുന്നത്, ആശംസകളും ലഭിക്കുക. ഉയർന്നപദവി നേടുന്ന ആത്മാക്കൾക്ക് ആശംസകൾ. പിന്നീട് ഭക്തിമാർഗ്ഗത്തിൽ അവരുടെ തന്നെ പൂജയും ഉണ്ടാകുന്നു. എന്തിനാണ് പൂജിക്കുന്നതെന്ന് മനുഷ്യർക്ക് അറിയുന്നില്ല. എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം എന്ന ചിന്ത വേണം. സ്വയം പവിത്രമായി മറ്റുള്ളവരെ എങ്ങനെ പവിത്രമാക്കി മാറ്റും? ലോകം വളരെ വലുതാണ്. വീട്-വീട് സന്ദേശമെത്തിക്കാൻ എന്ത് ചെയ്യണം? നോട്ടീസുകൾ വിതരണം ചെയ്താലും എല്ലാവരിലേക്കും എത്തില്ല. എല്ലാവരുടെയും കൈകളിലേക്ക് സന്ദേശം എത്തിക്കണം കാരണം ആർക്കും തന്നെ ബാബയിലേക്ക് എങ്ങനെ എത്തിച്ചേരണമെന്ന് അറിയില്ല. മറ്റുള്ളവർ പറയുന്നതിതാണ്, എല്ലാ വഴിയികളിലൂടെയും പരമാത്മാവിലേക്ക് എത്തിച്ചേരാൻ ആകുമെന്നാണ്. പക്ഷേ ബാബ പറയുന്നു, ഈ ഭക്തിയും ദാന-പുണ്യകർമ്മങ്ങളും ജന്മ-ജന്മാന്തരമായി ചെയ്തു വന്നു, പക്ഷേ വഴി എവിടെ നിന്നു ലഭിക്കാനാണ്? ഭക്തി അനാദിയായി ഉണ്ടായതെന്നു പറയുന്നു, പക്ഷേ എപ്പോൾ മുതൽക്ക്? അനാദിയുടെ അർത്ഥത്തെക്കുറിച്ച് മനസ്സിലാക്കുന്നില്ല. നിങ്ങളിലും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണ് മനസ്സിലാക്കുന്നത്. 21 ജന്മത്തേക്കാണ് ജ്ഞാനത്തിന്റെ പ്രാപ്തി അത് സുഖത്തിന്റേതാണ്, പിന്നീട് ദു:ഖത്തിന്റേതും. ആര് എത്രത്തോളം ഭക്തി ചെയ്തിട്ടുണ്ട് എന്നുള്ളതിന്റെ കണക്കും നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. പക്ഷേ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ നിങ്ങൾക്ക് ഓരോരുത്തർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. അപ്പോൾ എന്തുചെയ്യും, ആരെങ്കിലും പത്രത്തിൽ കൊടുക്കുകയാണെങ്കിലോ, എന്തായാലും എല്ലാവരും മനസ്സിലാക്കാൻ സമയമെടുക്കും. അത്ര പെട്ടെന്നൊന്നും എല്ലാവർക്കും സന്ദേശം ലഭിക്കില്ല. എല്ലാവരും പുരുഷാർത്ഥം ചെയ്യാൻ ആരംഭിച്ചാൽ പിന്നെ എല്ലാവരും സ്വർഗ്ഗത്തിലേക്ക് വരുമല്ലോ. ഇങ്ങനെയൊരിക്കലും സംഭവിക്കില്ല. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകാനുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ ധർമ്മത്തിലുള്ളവരെ എങ്ങനെ കണ്ടെത്താനാണ്? ആരെല്ലാമാണ് അന്യധർമ്മത്തിലേക്ക് പരിവർത്തനപ്പെട്ടു പോയതെന്ന് എങ്ങനെ അറിയാൻ സാധിക്കും? ഹിന്ദുധർമ്മത്തിന്റെ യഥാർത്ഥ പേരാണ് ആദിസനാതന ദേവീദേവതാധർമ്മം എന്ന് ആർക്കും തന്നെ അറിയില്ല. പക്കാ ഹിന്ദു ആണെങ്കിൽ ദേവതാധർമ്മത്തെ അംഗീകരിക്കുന്നവരായിരിക്കും. പക്ഷേ ഈ സമയത്ത് എല്ലാവരും പതിതരാണ്. പതിതപാവനാ വരൂ എന്ന് പറഞ്ഞ് എല്ലാവരും വിളിക്കുന്നുണ്ട്. നിരാകാരനെയാണ് എല്ലാവരും ഓർമ്മിക്കുന്നത്, വരൂ വന്ന് പാവനലോകത്തേക്ക് കൊണ്ടു പോകൂ. ലക്ഷ്മി-നാരായണന്മാർ എങ്ങനെ രാജ്യപദവി നേടി? വിജയം പ്രാപിച്ച് രാജ്യം നേടാനായി ഭാരതത്തിൽ ഇപ്പോൾ അങ്ങനെയൊരു രാജധാനിയില്ലല്ലോ. ലക്ഷ്മി-നാരായണന്മാർ ഒരിക്കലും യുദ്ധം ചെയ്ത് രാജ്യം കൈയ്യടക്കിയതല്ല. എങ്ങനെ മനുഷ്യനിൽ നിന്നും ദേവതയായി എന്ന് ആർക്കും തന്നെ അറിയുന്നില്ല. നിങ്ങൾക്കും ഇപ്പോൾ ബാബയിൽ നിന്നാണ്

അറിയാൻ സാധിച്ചത്. മുക്തി-ജീവന്മുക്തി പ്രാപിക്കുന്നതിനായി മറ്റുള്ളവർക്ക് എങ്ങനെ വഴി പറഞ്ഞുകൊടുക്കണം. പുരുഷാർത്ഥം ചെയ്യിപ്പിക്കാൻ ഒരാൾ ആവശ്യമാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അള്ളാഹുവിനെ ഓർമ്മിക്കണം. ഈദ്മുബാറക്ക് എന്ന് ഏതിനെയാണ് പറയുന്നതെന്ന് പറഞ്ഞുകൊടുക്കൂ. നിങ്ങൾ അള്ളാഹുവിന്റെ അടുത്തേക്കാണ് പോകുന്നതെന്ന പക്കാ നിശ്ചയമുണ്ടോ? ഏതൊന്നിലാണോ  നിങ്ങൾ വളരെയധികം സന്തോഷം കണ്ടെത്തുന്നത് അത് നിങ്ങൾ വർഷങ്ങളോളം ചെയ്തു വന്നതാണ്, പക്ഷേ അതിലൂടെയൊന്നും അള്ളാഹുവിന്റെ പക്കലേക്ക് എത്തിച്ചേരാൻ സാധിച്ചില്ലല്ലോ. അപ്പോൾ അവർ ആശയക്കുഴപ്പത്തിലാകും. നിങ്ങൾ ഈ പഠിച്ചതൊക്കെ എന്തിനു വേണ്ടിയാണ്? ഉയർന്നതിലും ഉർന്നത് ഒരേയൊരു അള്ളാഹുവാണ്. അള്ളാഹുവിന്റെ കുട്ടികളായ നിങ്ങളും ആത്മാക്കളാണെന്നു പറയൂ. ഞങ്ങൾക്ക് അള്ളാഹുവിന്റെ പക്കലേക്ക് പോകണമെന്ന് ആത്മാക്കൾ ആഗ്രഹിക്കുന്നു. ആദ്യം പവിത്രമായിരുന്ന ആത്മാവ് ഇപ്പോൾ അപവിത്രമായിരിക്കുകയാണ്. ഈ ലോകത്തെ ഒരിക്കലും സ്വർഗ്ഗമെന്ന് പറയില്ല. എല്ലാ ആത്മാക്കളും പതിതരാണ്, അപ്പോൾ അള്ളാഹുവിന്റെ വീട്ടിലേക്ക് പോകാനായി എങ്ങനെ പാവനമാകും? സ്വർഗ്ഗത്തിൽ വികാരി ആത്മാക്കളാരും തന്നെയുണ്ടാകില്ല. അവിടെ നിർവ്വികാരികളാണ്. ആത്മാവിന് പെട്ടെന്ന് സതോപ്രധാനമാകാനും സാധിക്കില്ല. ഇതെല്ലാം തന്നെ വിചാരസാഗര മഥനം ചെയ്യേണ്ടതാണ്. ബ്രഹ്മാബാബ വിചാരസാഗര മഥനം ചെയ്യുന്നതു കൊണ്ടല്ലേ എല്ലാം മനസ്സിലാക്കിത്തരുന്നത്. ആർക്ക് എങ്ങനെ പറഞ്ഞു കൊടുക്കണമെന്നുള്ള യുക്തികളും കണ്ടെത്തണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികളെപ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. എങ്ങനെയാണോ ബാബയ്ക്ക് ചിന്ത വന്നത്, ഞാൻ വന്ന് കുട്ടികളെ ദു:ഖത്തിൽ നിന്നും മുക്തമാക്കി സുഖികളാക്കി മാറ്റണമെന്ന് അതുപോലെ ബാബയുടെ സഹയോഗികളായി മാറണം. വീട്-വീട് സന്ദേശം എത്തിക്കാനുള്ള യുക്തികൾ രചിക്കണം.

2. സർവ്വരിൽ നിന്നുമുള്ള ആശംസകൾ നേടുന്നതിനായി വിജയമാലയിലെ മുത്തായിത്തീരാനുള്ള പുരുഷാർത്ഥം ചെയ്യണം. പൂജ്യരായിത്തീരണം.

## വരദാനം:-ചെയ്യുന്നവന്റെയും ചെയ്യിപ്പിക്കുന്നവന്റെയും സ്മൃതിയിലൂടെ പ്രകാശത്തിന്റെ കിരീടധാരിയായി ഭവിക്കട്ടെ.

ഞാൻ നിമിത്തമായ കർമ്മയോഗിയും ചെയ്യുന്നവനുമാണ്, ചെയ്യിപ്പിക്കുന്നത് ബാബയാണ്- ഈ സ്മൃതി സ്വതവേ ഇരിക്കുകയാണെങ്കിൽ സദാ പ്രകാശത്തിന്റെ കിരീടധാരിയും ചിന്തയില്ലാത്ത ചക്രവർത്തിയുമായി മാറും.  ബാബയും ഞാനും, മൂന്നാമതാരുമില്ല- ഈ അനുഭൂതി സഹജമായി ചിന്തയില്ലാത്ത ചക്രവർത്തിയാക്കി മാറ്റുന്നു. ആരാണോ അങ്ങനെയുള്ള ചക്രവർത്തിയാകുന്നത് അവർ തന്നെയാണ് മായാജീത്തും, കർമ്മേന്ദ്രിയജീത്തും പ്രകൃതിജീത്തുമായി മാറുന്നത്. പക്ഷെ ആരാണോ അബദ്ധവശാൽ പോലും തന്റെ മേൽ ഏതെങ്കിലും വ്യർത്ഥഭാവത്തിന്റെ ഭാണ്ഡം പേറുന്നത് അപ്പോൾ കിരീടത്തിന് പകരം ചിന്തകളുടെ അനേകം കുട്ടകൾ ശിരസ്സിൽ വന്ന് ചേരും.

## സ്ലോഗൻ:- സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തമാകുന്നതിന് വേണ്ടി ദേഹീക സംബന്ധങ്ങളിൽ നിന്ന് നഷ്ടോമോഹയാകൂ.

### അവ്യക്ത സൂചനകൾ- ഇപ്പോൾ ഉത്സാഹത്തിന്റ അഗ്നിയെ പ്രജ്ജ്വലിപ്പിച്ച് യോഗത്തിന്റെ ജ്വാലാരൂപമുണ്ടാക്കൂ.

യോഗത്തിൽ എപ്പോൾ മറ്റ് സങ്കൽപ്പങ്ങൾ ശാന്തമാകുന്നുവോ, ''ബാബയും ഞാനും'' എന്ന ഒരേയൊരു സങ്കൽപം മാത്രം ഇരിക്കുന്നുവോ അതിനെത്തന്നെയാണ് ശക്തിശാലി യോഗം എന്ന് പറയുന്നത്. ബാബയുമായുള്ള മിലനത്തിന്റെ അനുഭൂതിയല്ലാതെ മറ്റെല്ലാ സങ്കൽപങ്ങളും ഉള്ളിലൊതുക്കൂ അപ്പോൾ പറയാം ജ്വാലാ സ്വരൂപ ഓർമ്മ, ഏതിലൂടെയാണോ പരിവർത്തനം നടക്കുന്നത്.